# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 79** **08-02-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br><br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഏറനാട് നിയോജകമണ്ഡലത്തിൽ 2014-2016 വരെയുള്ള കാലയളവിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ കെ.ബി.എഫ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (എ)<br>&<br>(ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാകാതെ നിൽക്കുന്ന അപേക്ഷകളിൽ ഏറനാട് നിയോജകമണ്ഡലത്തിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ; | | |
| (സി) | സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത കേസുകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ; കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സ്റ്റേറ്റ് ലെവൽ കമ്മറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത അപേക്ഷകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br><br>ഗവ.ആശുപത്രികൾ - 9683<br>സ്വകാര്യ ആശുപത്രികൾ - 35523<br>പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകൾ - 830<br>ആകെ - 46036 |

| | | | |
|---|---|---|---|
| | | | കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.<br><br>1) വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷമാക്കിയിട്ടുണ്ട്.<br>2) സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരായ രോഗികൾക്ക് അടിയന്തിര ഓപ്പറേഷൻ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഓപ്പറേഷൻ കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>3) ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവക്കും ധനസഹായം അനുവദിയ്ക്കുന്നതാണ്.<br>4) ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ചികിത്സാ ധനസഹായം നൽകുന്നുണ്ട്.<br>5) സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിൽ ഡയാലിസിസ് ചികിത്സ നടത്തുന്നവർക്കും ധനസഹായം ലഭിക്കുന്നതാണ്.<br>6) ധനസഹായത്തിന് ആർ.എസ്.ബി.വൈ, ചിസ് പ്ലസ് പ്രകാരം ലഭിക്കുന്ന ചികിത്സാ ധനസഹായം കാരുണ്യബെനവലന്റ് ഫണ്ടിൽനിന്നും അനുവദിയ്ക്കുന്ന തുകയിൽ നിന്നും കുറവു ചെയ്യുന്നതു ഒഴിവാക്കി അർഹമായ മുഴുവൻ തുകയും പരമാവധി രണ്ട് ലക്ഷം എന്ന പരിധിയിൽ അനുവദിയ്ക്കുന്നതാണ്. |

Jayesh

സെക്ഷൻ ഓഫീസർ.